**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **07-10-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം വാമനപുരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള അലോപ്പതി, ആയുർവ്വേദ, ഹോമിയോ ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോന്നിനുമായി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും ആരോഗ്യകേന്ദ്രം തിരിച്ച് വിശദമാക്കാമോ? | (എ) | ആരോഗ്യ വകുപ്പിൻ കീഴിൽ വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഹോമിയോപ്പതി വകുപ്പിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>(1) **ജി.എച്ച്.ഡി. പാങ്ങോട് -** കെട്ടിട നിർമ്മാണത്തിനായി നാഷണൽ ആയുഷ് മിഷനിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി മരുന്ന് വാങ്ങുന്നതിനായി 15 ലക്ഷം രൂപയും കണ്ടിജൻസി ഇനത്തിൽ 50000(അൻപതിനായിരം) രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>(2) **ജി.എച്ച്.ഡി. നന്ദിയോട്.**<br><br>കെട്ടിട നിർമ്മാണത്തിനായി നാഷണൽ ആയുഷ് മിഷനിൽ നിന്നും 30 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും മോഡൽ ഡിസ്പെൻസറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 6000/- രൂപയും, Bio Medical Waste Management/Waste disposal/Green Protocol എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 3000/- രൂപയും സ്ഥാപനത്തിൽ Fire Extinguisher വാങ്ങുന്നതിലേക്കായി 3363/- രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ മരുന്ന് വാങ്ങുന്നതിനായി 18 ലക്ഷം രൂപയും കണ്ടിജൻസി ഇനത്തിൽ 2.50 ലക്ഷം രൂപയും ഫർണിച്ചറുകൾ വാങ്ങുന്നതിനായി 1 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയും ടോക്കൺ ഡിസ്പെൻസറിക്കായി 19100 രൂപയും ഉപകരണങ്ങൾക്കായി 15000 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനം വഴി അനുവദിച്ചിട്ടുണ്ട്.<br><br>3)**ജി.എച്ച്.ഡി കൊച്ചുകരിക്കകം**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനം വഴി മരുന്ന് വാങ്ങുന്നതിനായി 10.50 ലക്ഷം രൂപയും നാഷണൽ ആയുഷ് മിഷൻ വഴി സ്ഥാപനം ആയുഷ്ഹോമിയോ വെൽനസ്സ് സെന്ററായി ഉയർത്തുന്നതിലേക്ക് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>4) **APHC വാമനപുരം**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനം വഴി മരുന്ന് വാങ്ങുന്നതിനായി 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>5) **APHC പുല്ലമ്പാറ**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനം വഴി മരുന്ന് വാങ്ങുന്നതിനായി 4.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>6) **APHC കല്ലറ**<br><br>തദ്ദേശസ്വയംഭരണസ്ഥാപനം വഴി മരുന്ന് വാങ്ങുന്നതിനായി 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>7) **APHC നെല്ലനാട്**<br><br>തദ്ദേശസ്വയംഭരണ സ്ഥാപനം വഴി മരുന്ന് വാങ്ങുന്നതിനായി 13.30 ലക്ഷം രൂപയും മെയിന്റനൻസ് ഇനത്തിൽ 5.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഭാരതീയ ചികിത്സാ വകുപ്പിൻ കീഴിൽ വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം **അനുബന്ധം II**ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**ആരോഗ്യ വകുപ്പ്**

| സ്ഥാപനം | നടപ്പിലാക്കിയ പദ്ധതി | അനുവദിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| എഫ്.എച്ച്.സി പെരിങ്ങമല | ഡയഗ്നോസ്റ്റിക് സൗകര്യം | 9.53 ലക്ഷം | 90 ശതമാനം പണി പൂർത്തിയായി |
| | കോൺഫറൻസ് ഹാളിന്റെ നിർമ്മാണം | എൽ.എസ്.ജി.ഡി ഫണ്ട് 10,90,000/- | പണിപൂർത്തിയായി |
| | രണ്ട് സബ് സെന്ററുകളുടെ നിർമ്മാണം | 55 ലക്ഷം | നിർമ്മാണം ആരംഭിച്ചു |
| എഫ്.എച്ച്.സി പനവൂർ | എച്ച്.ഡബ്ല്യു.സി സെന്റർ നിർമ്മാണം | 55 ലക്ഷം | നിർമ്മാണം ആരംഭിച്ചു |
| എഫ്.എച്ച്.സി ആനാട് | ആശുപത്രി കെട്ടിടം പെയിന്റിംഗ് | 11.25 ലക്ഷം | പണിപൂർത്തിയായി |
| | കോൺഫറൻസ് ഹാളിന്റെ നിർമ്മാണം | എൽ.എസ്.ജി.ഡി ഫണ്ട് | പണിപൂർത്തിയായി |

ആരോഗ്യ വകുപ്പിൽ എൻ.എച്ച് എം മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പ്രവർത്തി | ഫണ്ട് | അടങ്കൽ തുക | ചിലവഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | പാലോട് | സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | സ്റ്റേറ്റ് പ്ലാൻ | 37,50,000/- | 32,99,586/- | നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 2 | ഭരതന്നൂർ പി.എച്ച്.സി | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ .എച്ച്.എം | 15,50,000/- | ബിൽ തയ്യാറാക്കി വരുകയാണ് | നിർമ്മാണ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 3 | പുല്ലമ്പാറ പി.എച്ച്.സി | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോ | എൻ .എച്ച്.എം | 15,50,000/- | ബിൽ തയ്യാറാക്കി വരുകയാണ് | നിർമ്മാണ നവീകരണ പ്രവൃത്തി ആരംഭിക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | ഗ്യ കേന്ദ്രമാക്കി ഉയർത്തൽ | | | | തിനുള്ള നടപടി പുരോഗമിക്കുന്നു. |
| 4 | ആറ്റിൻപുറം സബ്സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,18,235 | 7,18,235 | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 5 | ആട്ടുകാൽ സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബിൽ തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 6 | കാഞ്ഞിരംപാറ സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരുകയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 7 | മിതൃമല സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് . | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 8 | പാങ്ങോട് സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 9 | കൊച്ചാലുംമൂട് സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഭരതന്നൂർ മെയിൻ സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 11 | മൈലംമൂട് സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 12 | വി.കെ.പൊയ്ക സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 13 | വട്ടക്കരിക്കകം സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 14 | പനയമുട്ടം സബ് സെന്റർ | സബ്സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററായി ഉയർത്തൽ | എൻ .എച്ച്.എം | 7,00,000 | ബില്ല് തയ്യാറാക്കി വരികയാണ് | നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |

Shaila. M

സെക്ഷൻ ഓഫീസർ

## ഭാരതീയ ചികിത്സാ വകുപ്പ്

വാമനപുരം നിയോജക മണ്ഡലത്തിൽ പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കിയ വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

**1. ഗവ.ആയുർവേദ ആശുപത്രി, പാലോട്**

വാമനപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ ആയുർവേദ ആശുപത്രി പാലോടിലെ ജനറൽ വാർഡ് നിർമ്മാണത്തിനായി മൂന്നാം ഘട്ടം 2021-22 സാമ്പത്തിക വർഷം 8.27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (ജനറൽ വാർഡ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുകയായ 120 ലക്ഷം രൂപയിൽ 2018-19 സാമ്പത്തിക വർഷം 20 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം 91.73 ലക്ഷം രൂപയും മുന്നേ അനുവദിച്ചിരുന്നു). ടി തുക വിനിയോഗിച്ച് താഴത്തെ നിലയുടെ പണി പൂർത്തിയായി, ഒന്നാം നിലയുടെ ചുവരുകളുടെ പണി പൂർത്തിയായി.

2022-23 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന പാലോട് ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിനായി 32,438/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

പാലോട് സർക്കാർ ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ തെറാപ്പി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന 2,53,380/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന 2,57,155/- രൂപയും അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2023-24 വർഷം 3,72,370/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷം 4,48,470/- രൂപ അനുവദിക്കുകയും ആയതിൽ 1,74,560/-രൂപ വിനിയോഗിക്കുകയും ചെയ്തു.

**2. ഗവ.ആയുർവേദ ആശുപത്രി, നെടുമങ്ങാട്**

നെടുമങ്ങാട് സർക്കാർ ആയുർവേദ ആശുപത്രിയിൽ 2021-22 സാമ്പത്തിക വർഷം മാനസികം പദ്ധതി നടപ്പിലാക്കുന്നതിനായി പ്ലാൻ ഫണ്ട് മുഖേന 7,14,173/- രൂപയും, 2022-23 സാമ്പത്തിക വർഷം 89,6,120/- രൂപയും 2023-24 സാമ്പത്തിക വർഷം 7,55,880/- രൂപയും, 2024-25 സാമ്പത്തിക വർഷം 2,64,000/- രൂപയും അനുവദിക്കുകയും, ആയത് വിനിയോഗിക്കുകയും ചെയ്തു.

നെടുമങ്ങാട് സർക്കാർ ആയുർവേദ ആശുപത്രിയിൽ 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന പഞ്ചകർമ്മ തെറാപ്പി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി 3,36,430/- രൂപയും 2022-23 സാമ്പത്തിക വർഷം 4,52,400/- രൂപയും, 2023-24 സാമ്പത്തിക വർഷം 3,56,875/- രൂപയും, അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷം 4,48,470/- രൂപ അനുവദിക്കുകയും ആയതിൽ 1,91,170/- രൂപ വിനിയോഗിക്കുകയും ചെയ്തു.

2022-23 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന നെടുമങ്ങാട് ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിനായി 32,438/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

സ്ഥാപനത്തിൽ LSGD/NAM എന്നിവ വഴി ലഭിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

**LSGD**

| | | |
|---|---|---|
| 2023-24 | 100000/- | സോളാർ വാട്ടർ ഹീറ്റർ വാങ്ങൽ |
| 2024-25 | 100000/- | ജനറേറ്റർ വാങ്ങൽ |

**3. ഗവ.ആയുർവദേ ഡിസ്പൻസറി, കല്ലറ**

മെയിന്റനൻസ് നോൺ റോഡ് (2021-22) ഫണ്ട്, കല്ലറ ഗ്രാമ പഞ്ചായത്ത് മുഖേന ഡിസ്പൻസറി സംരക്ഷണ ഭിത്തി നിർമ്മാണം, കെട്ടിട നവീകരണം എന്നിവയ്ക്കായി 564000/- രൂപ അനുവദിക്കുകയും ടി പ്രവർത്തി 2021-22, 2022-23 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്.
നാഷണൽ ആയുഷ് മിഷനിൽ നിന്നും ആയുർവേദ ഡിസ്പൻസറിയിൽ യോഗ ഹാൾ നിർമ്മിക്കാൻ-450000/-. 2023-24 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
2022-23 സാമ്പത്തിക വർഷം ടി സ്ഥാപനം ആയുഷ് ഹെൽത്ത് അന്റ് വെൽനസ് സെന്ററായി ഉയർത്തിയിട്ടുണ്ട്.

**4. ഗവ.ആയുർവേദ ഡിസ്പൻസറി, പുല്ലമ്പാറ**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുല്ലമ്പാറ ഗവ.ആയുർവേദ ഡിസ്പൻസറിയിൽ ട്രീറ്റ്മെന്റ് റൂമിനും കൺസൾട്ടേഷൻ റൂമിനും ബാക്കിയുണ്ടായിരുന്ന പണികൾക്കും ഒരു സ്റ്റോർ റൂമിനും റെക്കോർഡ് റൂമും പണിയുന്നതിനായി 2021-22 സാമ്പത്തിക വർഷം 11.20 ലക്ഷം രൂപ പ്ലാൻ ഫണ്ട് മുഖേന അനുവദിച്ചു. ഈ തുക വിനിയോഗിച്ചുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

2021-22 ൽ സ്ഥാപനത്തെ ആയുഷ് ഹെൽത്ത് & വെൽനെസ് സെന്ററായി ഉയർത്തിയിട്ടുണ്ട്.

2022-23 NAM ഫണ്ടിൽ നിന്നും പഞ്ചായത്തിലേക്ക് അറ്റകുറ്റപണികൾക്കും നവീകരണത്തിനുമായി 450000/-രൂപ അനുവദിച്ചിട്ടുണ്ട്. 2023-24 ൽ 200601/- തുക ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം NABH എൻട്രി ലവൽ അക്രെഡിറ്റേഷൻ നേടിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി NAM ഫണ്ടിൽ നിന്നും 14342/- രൂപ ചെലവഴിച്ചിട്ടുണ്ട്.
നാഷണൽ ആയുഷ് മിഷന്റെ മാനസിക ആരോഗ്യ സംരക്ഷണ പദ്ധതിയായ ഹർഷം പദ്ധതി ഈ സ്ഥാപനത്തിൽ നടപ്പിലാക്കിവരുന്നു

**5. ഗവ.ആയുർവേദ ഡിസ്പൻസറി, വെഞ്ഞാറമൂട്**

മെയിന്റനൻസ് നോൺ റോഡ് ഫണ്ട് മുഖേന വെഞ്ഞാറമൂട് ഗവ.ആയുർവേദ ഡിസ്പൻസറിയ്ക്ക് കൺസൾട്ടേഷൻ റൂം നിർമ്മാണത്തിന് 2023-24 സാമ്പത്തിക വർഷം 200000/- രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**6. എൻ.എച്ച്.എം ഡിസ്പൻസറി, പേരയം**

2022-23 സാമ്പത്തിക വർഷം എൻ.എച്ച്.എം പേരയം ആയുർവേദ ഡിസ്പൻസറിയിൽ റാമ്പ് നിർമ്മാണത്തിനായി LSGD CFC ഫണ്ട് 1 ലക്ഷം രൂപ അനുവദിച്ചു 2023 മാർച്ചിൽ പണി പൂർത്തിയായി.

2023-24 സാമ്പത്തിക വർഷം എൻ.എച്ച്.എം പേരയം ആയുർവേദ ഡിസ്പൻസറിയിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി LSGD ഫണ്ട് 5 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**7. എൻ.എച്ച്.എം ഡിസ്പൻസറി, പനവൂർ**

2022-23 സാമ്പത്തിക വർഷം എൻ.എച്ച്.എം പനവൂർ ഗവ.ആയുർവേദ ഡിസ്പൻസറിയിൽ LSGD ഫണ്ട് 2,47,171 /-രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2023-24 ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

Shaila.M

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

**ഭാരതീയ ചികിത്സാ വകുപ്പ്**

വാമനപുരം നിയോജക മണ്ഡലത്തിൽ പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കിയ വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

**1. ഗവ.ആയുർവേദ ആശുപത്രി, പാലോട്**

വാമനപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ ആയുർവേദ ആശുപത്രി പാലോടിലെ ജനറൽ വാർഡ് നിർമ്മാണത്തിനായി മൂന്നാം ഘട്ടം 2021-22 സാമ്പത്തിക വർഷം 8.27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (ജനറൽ വാർഡ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തുകയായ 120 ലക്ഷം രൂപയിൽ 2018-19 സാമ്പത്തിക വർഷം 20 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷം 91.73 ലക്ഷം രൂപയും മുന്നേ അനുവദിച്ചിരുന്നു). ടി തുക വിനിയോഗിച്ച് താഴത്തെ നിലയുടെ പണി പൂർത്തിയായി, ഒന്നാം നിലയുടെ ചുവരുകളുടെ പണി പൂർത്തിയായി.

2022-23 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന പാലോട് ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിനായി 32,438/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

പാലോട് സർക്കാർ ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ തെറാപ്പി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന 2,53,380/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന 2,57,155/- രൂപയും അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2023-24 വർഷം 3,72,370/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷം 4,48,470/- രൂപ അനുവദിക്കുകയും ആയതിൽ 1,74,560/-രൂപ വിനിയോഗിക്കുകയും ചെയ്തു.

**2. ഗവ.ആയുർവേദ ആശുപത്രി, നെടുമങ്ങാട്**

നെടുമങ്ങാട് സർക്കാർ ആയുർവേദ ആശുപത്രിയിൽ 2021-22 സാമ്പത്തിക വർഷം മാനസികം പദ്ധതി നടപ്പിലാക്കുന്നതിനായി പ്ലാൻ ഫണ്ട് മുഖേന 7,14,173/- രൂപയും, 2022-23 സാമ്പത്തിക വർഷം 89,6,120/- രൂപയും 2023-24 സാമ്പത്തിക വർഷം 7,55,880/- രൂപയും, 2024-25 സാമ്പത്തിക വർഷം 2,64,000/- രൂപയും അനുവദിക്കുകയും, ആയത് വിനിയോഗിക്കുകയും ചെയ്തു.

നെടുമങ്ങാട് സർക്കാർ ആയുർവേദ ആശുപത്രിയിൽ 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന പഞ്ചകർമ്മ തെറാപ്പി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി 3,36,430/- രൂപയും 2022-23 സാമ്പത്തിക വർഷം 4,52,400/- രൂപയും, 2023-24 സാമ്പത്തിക വർഷം 3,56,875/- രൂപയും, അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷം 4,48,470/- രൂപ അനുവദിക്കുകയും ആയതിൽ 1,91,170/- രൂപ വിനിയോഗിക്കുകയും ചെയ്തു.

2022-23 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് മുഖേന നെടുമങ്ങാട് ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ വാങ്ങുന്നതിനായി 32,438/- രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

സ്ഥാപനത്തിൽ LSGD/NAM എന്നിവ വഴി ലഭിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

**LSGD**

| | | |
|---|---|---|
| 2023-24 | 100000/- | സോളാർ വാട്ടർ ഹീറ്റർ വാങ്ങൽ |
| 2024-25 | 100000/- | ജനറേറ്റർ വാങ്ങൽ |

**3. ഗവ.ആയുർവദേ ഡിസ്പൻസറി, കല്ലറ**

മെയിന്റനൻസ് നോൺ റോഡ് (2021-22) ഫണ്ട്, കല്ലറ ഗ്രാമ പഞ്ചായത്ത് മുഖേന ഡിസ്പൻസറി സംരക്ഷണ ഭിത്തി നിർമ്മാണം, കെട്ടിട നവീകരണം എന്നിവയ്ക്കായി 564000/- രൂപ അനുവദിക്കുകയും ടി പ്രവർത്തി 2021-22, 2022-23 വർഷങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്.

നാഷണൽ ആയുഷ് മിഷനിൽ നിന്നും ആയുർവേദ ഡിസ്പൻസറിയിൽ യോഗ ഹാൾ നിർമ്മിക്കാൻ-450000/-. 2023-24 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം ടി സ്ഥാപനം ആയുഷ് ഹെൽത്ത് അന്റ് വെൽനസ് സെന്ററായി ഉയർത്തിയിട്ടുണ്ട്.

**4. ഗവ.ആയുർവേദ ഡിസ്പൻസറി, പുല്ലമ്പാറ**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുല്ലമ്പാറ ഗവ.ആയുർവേദ ഡിസ്പൻസറിയിൽ ട്രീറ്റ്മെന്റ് റൂമിനും കൺസൾട്ടേഷൻ റൂമിനും ബാക്കിയുണ്ടായിരുന്ന പണികൾക്കും ഒരു സ്റ്റോർ റൂമിനും റെക്കോർഡ് റൂമും പണിയുന്നതിനായി 2021-22 സാമ്പത്തിക വർഷം 11.20 ലക്ഷം രൂപ പ്ലാൻ ഫണ്ട് മുഖേന അനുവദിച്ചു. ഈ തുക വിനിയോഗിച്ചുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

2021-22 ൽ സ്ഥാപനത്തെ ആയുഷ് ഹെൽത്ത് & വെൽനെസ് സെന്ററായി ഉയർത്തിയിട്ടുണ്ട്.

2022-23 NAM ഫണ്ടിൽ നിന്നും പഞ്ചായത്തിലേക്ക് അറ്റകുറ്റപണികൾക്കും നവീകരണത്തിനുമായി 450000/-രൂപ അനുവദിച്ചിട്ടുണ്ട്. 2023-24 ൽ 200601/- തുക ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം NABH എൻട്രി ലവൽ അക്രെഡിറ്റേഷൻ നേടിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി NAM ഫണ്ടിൽ നിന്നും 14342/- രൂപ ചെലവഴിച്ചിട്ടുണ്ട്. നാഷണൽ ആയുഷ് മിഷന്റെ മാനസിക ആരോഗ്യ സംരക്ഷണ പദ്ധതിയായ ഹർഷം പദ്ധതി ഈ സ്ഥാപനത്തിൽ നടപ്പിലാക്കിവരുന്നു

**5. ഗവ.ആയുർവേദ ഡിസ്പൻസറി, വെഞ്ഞാറമൂട്**

മെയിന്റനൻസ് നോൺ റോഡ് ഫണ്ട് മുഖേന വെഞ്ഞാറമൂട് ഗവ.ആയുർവേദ ഡിസ്പൻസറിയ്ക്ക് കൺസൾട്ടേഷൻ റൂം നിർമ്മാണത്തിന് 2023-24 സാമ്പത്തിക വർഷം 200000/- രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**6. എൻ.എച്ച്.എം ഡിസ്പൻസറി, പേരയം**

2022-23 സാമ്പത്തിക വർഷം എൻ.എച്ച്.എം പേരയം ആയുർവേദ ഡിസ്പൻസറിയിൽ റാമ്പ് നിർമ്മാണത്തിനായി LSGD CFC ഫണ്ട് 1 ലക്ഷം രൂപ അനുവദിച്ചു 2023 മാർച്ചിൽ പണി പൂർത്തിയായി.

2023-24 സാമ്പത്തിക വർഷം എൻ.എച്ച്.എം പേരയം ആയുർവേദ ഡിസ്പൻസറിയിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി LSGD ഫണ്ട് 5 ലക്ഷം രൂപ അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**7. എൻ.എച്ച്.എം ഡിസ്പൻസറി, പനവൂർ**

2022-23 സാമ്പത്തിക വർഷം എൻ.എച്ച്.എം പനവൂർ ഗവ.ആയുർവേദ ഡിസ്പൻസറിയിൽ LSGD ഫണ്ട് 2,47,171 /-രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2023-24 ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

Shaila. M

സെക്ഷൻ ഓഫീസർ